പതിമൂന്നാം കേരള നിയമസഭ

ഏഴാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ .2031

12.02.2013-ൽ മറുപടിക്ക്

# ട്രോളിംഗ് നിരോധനത്തിന്റെ പ്രത്യാഘാതങ്ങളെക്കുറിച്ച് പഠിക്കാൻ കമ്മിറ്റിയെ നിയോഗിച്ചതിനുള്ള സാഹചര്യം

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. ഇ. ചന്ദ്രശേഖരൻ | ശ്രീ. കെ.ബാബു<br>(മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പ് മന്ത്രി) |
| ഏതു സാഹചര്യത്തിലാണ് ട്രോളിംഗ് നിരോധനത്തിന്റെ പ്രത്യാഘാതങ്ങളെക്കുറിച്ച് പഠിക്കാൻ കമ്മിറ്റിയെ നിയോഗിച്ചതെന്ന് വിശദമാക്കുമോ? | 2012-ലെ ട്രോളിംഗ് നിരോധനം നടപ്പിലാക്കുന്നത് സംബന്ധിച്ച് ബഹുമാനപ്പെട്ട ഫിഷറീസ് വകുപ്പ് മന്ത്രി 2012 മെയ് 15-ാം തീയതി, മത്സ്യമേഖലയിലെ വിവിധ സംഘടനാ പ്രതിനിധികൾ, തീരദേശ ജില്ലാ കളക്ടർമാർ, പോലീസ് വകുപ്പ്, ഇന്ത്യൻ കോസ്റ്റ് ഗാർഡ്, ഇന്ത്യൻ നേവി, ഫിഷറീസ് വകുപ്പ് ഉദ്യോഗസ്ഥർ എന്നിവരുമായി നടത്തിയ മീറ്റിംഗിൽ പങ്കെടുത്തവർ ആവശ്യപ്പെട്ടത് അനുസരിച്ച് ട്രോൾബാൻ നടപ്പിലാക്കുന്നതിന്റെ പാർശ്വഫലങ്ങൾ/മത്സ്യശോഷണം എന്നിവ പഠിക്കുന്നതിനായി ഒരു വിദഗ്ധ സമിതിയെ നിയോഗിക്കുന്നതിന് തീരുമാനിക്കുകയുണ്ടായി. ആയതിന്റെ അടിസ്ഥാനത്തിൽ ഫിഷറീസ് അഡീഷണൽ ഡയറക്ടർ, ചെയർമാനായിട്ടുള്ള വിദഗ്ധ സമിതി 27.10.12 ലെ ജി.ഒ.(ആർ.ടി) നമ്പർ. 906/2012/F&PD പ്രകാരം രൂപീകരിക്കുകയുണ്ടായി. |

സെക്ഷൻ ഓഫീസർ